ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.03.2026**

## പ്രധാനവാർത്തകൾ

1. ശക്തവും സ്വയംപര്യാപ്തവുമായ ഭാരതം യാഥാർത്ഥ്യമാകണമെങ്കിൽ പൗരന്മാർ ആരോഗ്യവാന്മാരായിരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2. നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഭാഗമായി സംസ്ഥാനത്ത് മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

3. ഹരിതചട്ടം പാലിച്ച് നിയമസഭാ തിരഞ്ഞെടുപ്പ് നടത്തുന്നതിൻറെ ഭാഗമായുള്ള ഗ്രീൻ പ്രോട്ടോക്കോൾ കൈപുസ്തകം പുറത്തിറക്കി.

4. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ ഉയർന്ന താപനിലക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

5. ഒരുമാസക്കാലത്തെ വ്രതശുദ്ധിയുടെ നിറവിൽ കേരളം ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിച്ചു.

6. രാജ്യത്ത് ആഭ്യന്തര എൽപിജി ഉൽപ്പാദനം 40 ശതമാനം വർധിച്ചതായും റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ

PNU TVPM

ക്ഷാമമില്ലെന്നും പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം.

&&&&&&&&&&&&&&&&

<u>രാഷ്ട്രപതി (ഇൻട്രോ)</u>

ശക്തവും സ്വയംപര്യാപ്തവുമായ ഭാരതം യാഥാർത്ഥ്യമാകണമെങ്കിൽ പൗരന്മാർ ആരോഗ്യവാന്മാരായിരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തർപ്രദേശ് വൃന്ദാവനിലെ രാമകൃഷ്ണ മിഷൻ സേവാശ്രമം ആശുപത്രിയിൽ നന്ദ് കിഷോർ സോമാനി ഓങ്കോളജി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നിരന്തര ശ്രമങ്ങൾ നടത്തി വരികയാണെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയിസ് - രാ ഷ്ട്രപതി)

&&&&&&&&&&&&&&&&

<u>ഇന്ത്യയുടെ ഊർജ്ജ പരിവർത്തനം</u>

പ്രായോഗിക നയരൂപീകരണത്തിലൂടെയും ആത്മനിർഭരതയിലേക്കുള്ള വ്യക്തമായ മുന്നേറ്റത്തിലൂടെയുമാണ് ഇന്ത്യയുടെ ഊർജ്ജ പരിവർത്തനം മുന്നോട്ട് പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുനരുപയോഗ ഊർജ്ജ സഹമന്ത്രി ശ്രീപദ് നായിക് എഴുതിയ ലേഖനം പങ്കുവെച്ചുകൊണ്ടാണ് പ്രധാനമന്ത്രിയുടെ പരാമർശം. വൈദ്യുതീകരണം, ശുദ്ധമായ ഊർജ്ജം, നിർമാണം എന്നിവയിൽ ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ആഗോള ഊർജ്ജ മേഖലയിൽ ഇന്ത്യ നിർണായക സ്ഥാനം സൃഷ്ടിക്കുകയാണെന്ന് പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

RNU TVPM

&&&&&&&&&&&&&&&&

**<u>രത്തൻ യു കേൽക്കർ</u>**

നിയമസഭാ പൊതുതിരഞ്ഞെടുപ്പിൻറെ ഭാഗമായി മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദൃശ്യ-സമൂഹമാധ്യമങ്ങളിൽ നൽകുന്ന രാഷ്ട്രീയ പരസ്യങ്ങളുടെ സാക്ഷ്യപ്പെടുത്തൽ, പെയ്ഡ് വാർത്തകളുടെ നിരീക്ഷണം എന്നിവ സംസ്ഥാന തലത്തിൽ അഡീഷണൽ സി.ഇ.ഒ. അധ്യക്ഷനായ നാലംഗ കമ്മിറ്റി നിർവഹിക്കുമെന്ന് അദ്ദേഹം അറിയിച്ചു. അംഗീകാരം ലഭിക്കാത്ത പരസ്യങ്ങൾ നൽകുന്നത് പെരുമാറ്റച്ചട്ട ലംഘനമായി കണക്കാക്കുമെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

RIU TVPM

&&&&&&&&&&&&&&&&

**<u>ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകൾ</u>**

നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റ് വെയർ ഹൗസിൽ സൂക്ഷിച്ചിരുന്ന ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകൾ പരിശീലന ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കൈമാറി. ആദ്യഘട്ട പരിശീലനത്തിൻറെ ഭാഗമായി 170 ഇ.വി. മെഷീനുകളാണ് എ.ഇ.ആർ.ഒ. മാർക്ക് കൈമാറിയത്. തിരുവനന്തപുരം ജില്ലയിലെ ആറ് താലൂക്കുകളിലെക്കാണ് മെഷീനുകൾ നൽകിയത്.

&&&&&&&&&&&&&&&&

## എസ് ഐ ആർ

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ തിങ്കളാഴ്ച വരെ സമയം. ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

&&&&&&&&&&&&&&&&

## ഗ്രീൻ ബട്ടൺ ക്യാമ്പയിൻ

നിയമസഭാ തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് നടപ്പിലാക്കുന്നതിയുള്ള 'ഗ്രീൻ ബട്ടൺ' ക്യാമ്പയിൻറെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ കൈപുസ്തകം പുറത്തിറക്കി. ശുചിത്വമിഷനും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസും സംയുക്തമായി തയ്യാറാക്കിയ കൈപുസ്തകം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. കൈപുസ്തകം സംസ്ഥാനത്തെ ജില്ലാ വരണാധികാരികൾക്കും, റിട്ടേണിങ്ങ് ഓഫീസർമാർ, അസിസ്റ്റൻറ് റിട്ടേണിങ്ങ് ഓഫീസർമാർ, രാഷ്ട്രീയ പാർട്ടികൾ, സ്ഥാനാർഥികൾ എന്നിവർക്കും ലഭ്യമാക്കും.

RJUTVPM

&&&&&&&&&&&&&&&&

## സി-വിജിൽ ആപ്പ്

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം ശ്രദ്ധയിൽപെട്ടാൽ പൊതുജനങ്ങൾക്ക് തിരഞ്ഞെടുപ്പ് കമ്മിഷൻറെ സി-വിജിൽ മൊബൈൽ ആപ്പ് വഴി വേഗത്തിൽ അധികാരികളെ അറിയിക്കാം. തിരഞ്ഞെടുപ്പു

പ്രഖ്യാപനം വന്ന മാർച്ച് 15 മുതൽ സി വിജിൽ ആപ്ലിക്കേഷൻ പ്രവർത്തനസജ്ജമാണ്.

&&&&&&&&&&&&&&&&

**കാലാവസ്ഥ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ ഉയർന്ന താപനിലക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 37 °C വരെയും തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 36°C വരെയും ഉയരാൻ സാധ്യതയുള്ളതായി വകുപ്പ് അറിയിച്ചു. അതേസമയം, കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുള്ളതായും മുന്നറിയിപ്പുണ്ട്.

RNUTVPM

&&&&&&&&&&&&&&&&

**പശ്ചിമേഷ്യ**

രാജ്യത്തെ എല്ലാ എണ്ണ ശുദ്ധീകരണ ശാലകളും പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അസംസ്കൃത എണ്ണയുടെ മതിയായ ശേഖരമുണ്ടെന്നും പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു. ആഭ്യന്തര എൽപിജി ഉൽപ്പാദനം 40 ശതമാനം വർധിച്ചതായും റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ക്ഷാമമില്ലെന്നും മന്ത്രാലയം വ്യക്തമാക്കി. അതിനിടെ ഇറാഖിൽ നിന്ന് രക്ഷപ്പെടുത്തിയ 'എംടി സേഫ് സീ വിഷ്ണു'വിലെ 15 ഇന്ത്യൻ ജീവനക്കാർ ഇന്ന് ഇന്ത്യയിൽ തിരിച്ചെത്തുമെന്ന് വിദേശകാര്യ മന്ത്രാലയ ജോയിൻറ് സെക്രട്ടറി അസീം മഹാജൻ അറിയിച്ചു. ഗൾഫ് മേഖലയിലെ വിവിധ സംഭവങ്ങളിലായി ഇതുവരെ ആറ് ഇന്ത്യൻ പൗരന്മാർക്ക് ജീവൻ നഷ്ടപ്പെടുകയും ഒരാളെ കാണാതാവുകയും ചെയ്തിട്ടുള്ളതായും കാണാതായ വ്യക്തിയെ

കണ്ടെത്താനും മരിച്ചവരുടെ മൃതദേഹങ്ങൾ വേഗത്തിൽ നാട്ടിലെത്തിക്കാനും അധികൃതരുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും ശ്രീ അസീം മഹാജൻ പറഞ്ഞു.

**&&&&&&&&&&&&&&&&**

## ചെറിയ പെരുന്നാൾ

ഒരുമാസക്കാലത്തെ വ്രതശുദ്ധിയുടെ നിറവിൽ കേരളം ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിച്ചു. സംസ്ഥാനത്തെ വിവിധ ഈദ്ഗാഹുകളിലും പള്ളികളിലുമായി രാവിലെ തന്നെ ആയിരക്കണക്കിന് വിശ്വാസികൾ പെരുന്നാൾ നമസ്കാരത്തിനായി ഒത്തുകൂടി. സാഹോദര്യത്തിൻറെയും സമാധാനത്തിൻറെയും സന്ദേശങ്ങൾ പങ്കുവെച്ചുകൊണ്ട് നടന്ന നമസ്കാരത്തിന് പ്രമുഖ പണ്ഡിതർ നേതൃത്വം നൽകി. നമസ്കാരത്തിന് ശേഷം വിശ്വാസികൾ ഈദ് ആശംസകൾ കൈമാറി സന്തോഷം പങ്കിട്ടു. ആഘോഷത്തിന്റെ ഭാഗമായി വീടുകളിൽ വിഭവസമൃദ്ധമായ സദ്യകളും ഒത്തുചേരലുകളും നടന്നു വൈകുന്നേരമായതോടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പാർക്കുകളിലും ബീച്ചുകളിലും വൻ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

RNJ TVPM

**&&&&&&&&&&&&&&&&**

## കുരിശുമല (ഇൻട്രോ)

വലിയ നോമ്പിലെ അഞ്ചാം വെള്ളിയാഴ്ചയായ ഇന്ന് ഇടുക്കി രൂപതയിലെ എഴുകുംവയൽ കുരിശുമലയിലേക്ക് വിശ്വാസികളുടെ ഒഴുക്ക്. കിഴക്കൻ കാൽവരി എന്നറിയപ്പെടുന്ന ഇവിടെ കഠിനമായ ചൂടിനെ അവഗണിച്ചും ആയിരക്കണക്കിന് തീർത്ഥാടകരാണ് പുലർച്ചെ മുതൽ മലകയറാൻ എത്തുന്നത്. ഇന്ന് പീഡാനുഭവ യാത്രയും ഇടുക്കി രൂപതാ മെത്രാൻറെ നേതൃത്വത്തിൽ വൈദിക വിദ്യാർത്ഥികളുടെ കുരിശുമല കയറ്റവും നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...

(വോയിസ്)

**&&&&&&&&&&&&&&&&**

<u>ഉപരാഷ്ട്രപതി മഹാരാഷ്ട്ര</u>

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ മഹാരാഷ്ട്രയിൽ എത്തും. നാഗ്പൂരിലെ മഹർഷി വ്യാസ് ഓഡിറ്റോറിയത്തിൽ നാളെ നടക്കുന്ന 29-ാമത് ഇന്ത്യൻ യൂത്ത് പാർലമെൻറ് ദേശീയ സെഷനിൽ അദ്ദേഹം പങ്കെടുക്കും.

**&&&&&&&&&&&&&&&&**

<u>ജെ.പി. നഡ്ഡ</u>

മെച്ചപ്പെട്ട ദന്താരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ ജനങ്ങളോടഭ്യർത്ഥിച്ചു. ലോക വദന ആരോഗ്യ ദിനത്തോട് അനുബന്ധിച്ച് സമൂഹ മാധ്യമത്തിലൂടെ നൽകിയ സന്ദേശത്തിൽ ഇത്തരം ശീലങ്ങൾ വളർത്തിയെടുക്കാൻ കുടുംബങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വദന ശുചിത്വം ദന്താരോഗ്യം എന്നിവ സംബന്ധിച്ച് അവബോധം വളർത്തുന്നത് ലക്ഷ്യമിട്ടാണ് മാർച്ച് 20 ലോക വദന ആരോഗ്യ ദിനമായി ആചരിക്കുന്നത്

RNU TVPM

**&&&&&&&&&&&&&&&&**

<u>ഓഹരി+സ്വർണം</u>

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 326 പോയിൻറ് നേട്ടത്തിൽ 74,533 ലും ദേശീയ ഓഹരി

സൂചിക നിഫ്റ്റി 113 പോയിൻറ് ഉയർന്ന് 23,115 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കൂടി. ഗ്രാമിന് 60 രൂപ വർധിച്ച് 13,835 രൂപയും പവന് 480 രൂപ കൂടി ഒരു ലക്ഷത്തി 10,680 രൂപയാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

<u>ശിവരാജ് സിംഗ് ചൗഹാൻ</u>

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ കാലം തെറ്റിയ മഴയും ആലിപ്പഴ വർഷവും മൂലമുണ്ടായ വിളനാശം വിലയിരുത്താൻ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരികയാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. നഷ്ടങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന സർക്കാരുകളുമായി ഏകോപന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ശ്രീ ചൗഹാൻ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&

&&&&&&&&&

&&

RNU TVM